**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3305** **11-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ അനുകൂല്യങ്ങൾക്കായുള്ള അപേക്ഷകളിൽ ഏതു വർഷം വരെയുള്ളവ തീർപ്പാക്കി; ക്ഷേമനിധി തിരിച്ചുള്ള കണക്ക് നൽകാമോ; | (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകളിൽ ഏത് വർഷം വരെയുള്ളവ തീർപ്പാക്കി എന്നത് സംബന്ധിച്ച ബോർഡ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു. |
| (ബി) | വകുപ്പിന് കീഴിലുള്ള ക്ഷേമനിധികളിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടുണ്ടോ; ക്ഷേമനിധികൾ ഏതെങ്കിലും സർക്കാർ പദ്ധതികളിലോ ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ.; | (ബി) | ഉണ്ട് . ക്ഷേമനിധികളിൽ നിന്നും സംസ്ഥാന സർക്കാർ എടുത്ത വായ്പ്പ സംബന്ധിച്ചും സർക്കാർ പദ്ധതികളിലോ ധനകാര്യ സ്ഥാപനങ്ങളിലോ നടത്തിയ നിക്ഷേപങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം-2 ൽ ചേർത്തിരിക്കുന്നു. |
| (സി) | ക്ഷേമനിധികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയുടെ അംശദായം എത്രയാണെന്ന് ക്ഷേമനിധി തിരിച്ചുള്ള കണക്ക് നൽകാമോ; | (സി) | തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയുടെ അംശദായം സംബന്ധിച്ച വിവരം അനുബന്ധം-3 ൽ ചേർത്തിരിക്കുന്നു |
| (ഡി) | ഒരോ ക്ഷേമനിധിയുടെയും നടത്തിപ്പിനായി എത്ര ഉദ്യോഗസ്ഥർ നിലവിലുണ്ട്; ഇതിൽ എത്ര പേർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്; ഒരോ ക്ഷേമനിധിയുടെയും വാർഷിക നടത്തിപ്പ് ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലെ നടത്തിപ്പിനായുള്ള ഉദ്യോഗസ്ഥരുടെയും ബോർഡിലെ വാർഷിക നടത്തിപ്പ് ചെലവും സംബന്ധിച്ച വിവരം അനുബന്ധം 4-ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം–1**

1. **കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് 2024 ഡിസംബർ വരെയുള്ള ആനുകൂല്യങ്ങളും, 2025 ഫെബ്രുവരി വരെയുള്ള പെൻഷനും തനത് ഫണ്ട് ഉപയോഗിച്ച് വിതരണം നടത്തിയിട്ടുണ്ട്.

2. **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമ പദ്ധതികളായ അധിവർഷാനുകൂല്യം, മരണാനന്തര അധിവർഷാനുകൂല്യം, വിവാഹധനസഹായം, പ്രസവധനസഹായം, ചികിത്സാധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ/ഉന്നതവിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. ആനുകൂല്യങ്ങൾ ഏത് വർഷം വരെ തീർപ്പാക്കി എന്ന വിവരം ചുവടെ ചേർക്കുന്നു.

| **ആനുകൂല്യങ്ങൾ** | **ആനുകൂല്യം ഏത് കാലം വരെ വിതരണം ചെയ്തു** |
|---|---|
| അധിവർഷാനുകൂല്യം | മാർച്ച് 2018 |
| വിവാഹധനസഹായം | സെപ്റ്റംബർ 2024 |
| പ്രസവധനസഹായം | വയനാട്, കാസർഗോഡ് ജില്ലകളിൽ 2019 വരെയും മറ്റ് ജില്ലകളിൽ മാർച്ച് 2024 വരെയും ഉള്ള അപേക്ഷകളിൽ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. |
| മരണാനന്തര സഹായം | അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യവിതരണം ചെയ്തുവരുന്നു. |
| മരണാനന്തര അധിവർഷാനുകൂല്യം | അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യവിതരണം ചെയ്തുവരുന്നു. |
| ചികിത്സാധനസഹായം | അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യവിതരണം ചെയ്തുവരുന്നു. |
| വിദ്യാഭ്യാസ ധനസഹായം | അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യവിതരണം ചെയ്തുവരുന്നു. |

## 3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ആനുകൂല്യങ്ങൾ | ആനുകൂല്യം ഏത് കാലം വരെ വിതരണം ചെയ്തു |
|---|---|
| വിവാഹധനസഹായം | 2024 ജൂലൈ വരെ |
| പ്രസവ ധനസഹായം | 2020 ഡിസംബർ വരെ |
| സ്കോളർഷിപ്പ് | 2025 ജനുവരി വരെയുള്ളത് |
| മരണാനന്തര ധനസഹായം | 2025 ജനുവരി വരെ |
| ചികിത്സ ധനസഹായം | 2024 ഡിസംബർ വരെ |
| സാമ്പത്തിക താങ്ങൽ | 2023-24 സാമ്പത്തിക വർഷത്തെ മുഴുവൻ അപേക്ഷയും 2024-25 വർഷത്തെ അപേക്ഷകൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു. |
| ഉന്നത വിദ്യാഭ്യാസം | 2025 ജനുവരി വരെ |

## 4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ ഒഴികെയുള്ള അപേക്ഷകൾക്കുള്ള ആനുകൂല്യങ്ങൾ 2025 ഫെബ്രുവരി വരെയുള്ളവ തീർപ്പാക്കിയിട്ടുണ്ട്. 2024 നവംബർ വരെയുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

## 5. കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും 31/03/2024 വരെയുള്ള ആനുകൂല്യ അപേക്ഷകൾ ( 1 വർഷക്കാലയളവിലെ) തീർപ്പാക്കി 55.66 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

## 6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ലഭിച്ച വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളിൽ നാളിതുവരെ ലഭിച്ച അപേക്ഷകളെല്ലാം തന്നെ സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട്.

7. **കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾക്കായുള്ള ഇതുവരെയുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്.

8. **കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് സ്കാറ്റേർഡ് വിഭാഗം, അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾ ക്രമപ്രകാരമായി സമർപ്പിച്ചിട്ടുള്ള ആനുകൂല്യത്തിനായുള്ള അപേക്ഷകൾ അനുവദിച്ച് തീർപ്പാക്കിയിട്ടുണ്ട്. അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളിൽ നിന്നും അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി തീർപ്പാക്കി വരുന്നു. ആനുകൂല്യ അപേക്ഷകളിൽ കുടിശ്ശിക ഒന്നുതംതന്നെ നിലവിലില്ല.

9. **കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 സെപ്റ്റംബർ വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

10. **കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ ലഭിക്കുന്ന അപേക്ഷകൾ (2024-25 വിദ്യാഭ്യാസ ആനുകൂല്യം ഒഴികെ) 10 ദിവസത്തിനകം തീർപ്പാക്കി നൽകി വരുന്നുണ്ട്. വിദ്യാഭ്യാസാനുകൂല്യം 2025 മാർച്ചിനകം തീർപ്പാക്കുന്നതാണ്.

11. **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ അർഹമായ അപേക്ഷകൾ യഥാസമയം തീർപ്പാക്കി തുക വിതരണം ചെയ്യുന്നു. ആനുകൂല്യ വിതരണത്തിൽ നിലവിൽ കുടിശ്ശിക ഇല്ല.

12. **കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2025 ഫെബ്രുവരി മാസം വരെയുള്ള ആനുകൂല്യങ്ങൾ തീർപ്പാക്കിയിട്ടുണ്ട്.

**13. <u>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യ അപേക്ഷകൾ ഒന്നും പെന്റിംഗിൽ ഇല്ല. സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**14. <u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾക്കായി ജില്ലാ ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളിൽ ജില്ലാ ഓഫീസർമാർ തീർപ്പാക്കി നൽകിയ അപേക്ഷകളിൽ 2024 ഡിസംബർ മാസം വരെയുള്ള വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**15. <u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകളിൽ അപാകത പരിഹരിക്കുവാൻ ബാക്കിനിൽക്കുന്നത് ഒഴികെയുള്ള എല്ലാ അപേക്ഷകളും 2024 വർഷം വരെയുള്ളവ തീർപ്പാക്കിയിട്ടുണ്ട്.

**16. <u>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്</u>**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ 2025 ഫെബ്രുവരി വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

## അനുബന്ധം-2

### 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സംസ്ഥാന സർക്കാരിന് വായ്പ ഇനത്തിൽ തുകകളൊന്നും തന്നെ നൽകിയിട്ടില്ല.

### 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ പദ്ധതികളിലോ ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപങ്ങൾ നടത്തിയിട്ടില്ല. 25,25,00,000/- രൂപയുടെ നിക്ഷേപങ്ങളാണ് ട്രഷറി അക്കൗണ്ടിലായി ബോർഡിനുള്ളത്.

### 3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല. സർക്കാർ പദ്ധതികളിൽ നിക്ഷേപം നടത്തിയിട്ടില്ല.

### 4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല. ബോർഡിന് ദൈനംദിന പ്രവർത്തനങ്ങൾ നടത്തുവാനായി കേരള ബാങ്ക് കണ്ണൂർ ബ്രാഞ്ചിൽ നിക്ഷേപങ്ങളുണ്ട്.

### 5. കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും ഫണ്ട് മൊബിലൈസേഷന്റെ ഭാഗമായി ബോർഡിന്റെ സ്ഥിരനിക്ഷേപ തുകയിൽ നിന്നും സർക്കാരിന് വായ്പയായി നൽകിയ 515 കോടി രൂപ ബോർഡിന് തിരികെ ലഭിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾക്കായി നാഷണലൈസ്ഡ് ബാങ്കുകളിൽ ഹ്രസ്വകാല സ്ഥിരനിക്ഷേപങ്ങൾ നടത്തി വരുന്നു.

### 6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ വായ്പ എടുത്തിട്ടില്ല. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് കൊല്ലം ജില്ല ട്രഷറിയിൽ 3,30,00,000/- രൂപയുടെ സ്ഥിര നിക്ഷേപമുണ്ട്.

7. **<u>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ നിന്നും സർക്കാർ ഇതുവരെ വായ്പ എടുത്തിട്ടില്ല. ഈ ക്ഷേമനിധിയിൽ നിന്നും സർക്കാർ പദ്ധതികളിലോ ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപം നടത്തിയിട്ടില്ല.

8. **<u>കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്</u>**

കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല. ടി ബോർഡ് സർക്കാർ പദ്ധതികളിൽ നിക്ഷേപം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാന ട്രഷറിയിൽ 31/12/2024 വരെ ആകെ 638.65 കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുള്ളതാണ്.

9. **<u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല. ബോർഡ് സർക്കാർ പദ്ധതികളിലോ ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപങ്ങൾ നടത്തിയിട്ടില്ല.

10. **<u>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്</u>**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല. സർക്കാർ പദ്ധതികളിന്മേൽ നിക്ഷേപങ്ങൾ ബോർഡ് നടത്തിയിട്ടില്ല. ബോർഡിന്റെ ആനുകൂല്യ വിതരണവും ഭരണപരമായ ചെലവുകളും കിഴിച്ച ശേഷം വരുന്ന തുക ബാങ്കുകളിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുണ്ട്.

11. **<u>കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് 2000 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. സർക്കാർ പദ്ധതികളിലോ ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപങ്ങൾ ബോർഡ് നടത്തിയിട്ടില്ല.

12. **<u>കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും, ദേശസാത്കൃത/ ഷെഡ്യൂൾഡ് ബാങ്കിലും ബോർഡ് സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്.

13. **<u>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടില്ല.

14. **<u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ വായ്പ എടുത്തിട്ടില്ല. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ പദ്ധതികളിലോ ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപങ്ങൾ നടത്തിയിട്ടില്ല. ദേശസാൽകൃത ബാങ്ക്, ഷെഡ്യൂൾഡ് ബാങ്ക്, ട്രഷറി സേവിംഗ്സ് ബാങ്ക്, കേരള ബാങ്ക് എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

15. **<u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ വായ്പ എടുത്തിട്ടില്ല. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ബോർഡ് 2496.0195 കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട്.

16. **<u>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്</u>**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ നിന്നും സർക്കാർ വായ്പ ഒന്നും തന്നെ എടുത്തിട്ടില്ല. ഈ പദ്ധതിയുടെ 1,62,14,26,499/- രൂപ സർക്കാർ ട്രഷറിയിൽ സ്ഥിര നിക്ഷേപമായി ഉണ്ട്.

## അനുബന്ധം-3

തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികൾ നൽകേണ്ട അംശദായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1. **കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വതൊഴിലാളികളുടെ അടിസ്ഥാന വേതനത്തിന്റെ 28.5% തുക അംശദായമായി ഒടുക്കേണ്ടതാണ്. പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ 18%, ഗ്രാറ്റുവിറ്റി ഇനത്തിൽ 7%, പെൻഷൻ ഇനത്തിൽ 2.5%, വെൽഫെയർ ആക്ടിവിറ്റീസ് ഇനത്തിൽ 1% (ആകെ 28.5%)

2. **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയുടെ അംശദായമായി പ്രതിമാസം 20/- രൂപ നിരക്കിലാണ് സ്വീകരിച്ചു വരുന്നത്.

3. **കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയുടെ അംശദായമായി പ്രതിമാസം 15/- രൂപ നിരക്കിലാണ് സ്വീകരിച്ചു വരുന്നത്.

4. **കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ അംശദായമായി 10/- രൂപയും തൊഴിലുടമ 20/- രൂപയും ചേർത്ത് ഒരു മാസത്തേയ്ക്ക് ആകെ 30/- രൂപയാണ് സ്വീകരിച്ചു വരുന്നത്.

5. **കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളി ഒരു മാസത്തെ അംശദായമായി അടവാക്കുന്നത് 50/- രൂപയാണ്.

6. **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ അംശദായം ഒരു പ്രവർത്തി ദിവസത്തിന് രണ്ട് രൂപ നിരക്കിലാണ്.

7. **കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

സ്ഥാപന തൊഴിലാളി അംശദായം - പ്രതിമാസം 10 രൂപ

സ്വയം തൊഴിൽ വിഭാഗക്കാരുടെ അംശദായം - പ്രതിമാസം 30 രൂപ

തൊഴിലുടമാ അംശദായം - ഓരോ തൊഴിലാളിക്കും പ്രതിമാസം 20 രൂപ

## 8. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിൽ സ്കാറ്റേർഡ് വിഭാഗം തൊഴിലാളിയുടെ അംശദായം 100/- രൂപയും (പ്രതിമാസം) അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ അംശദായം പ്രതിമാസം 10/- രൂപയുമാണ്.

## 9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ അംശദായം പ്രതിമാസം 50/- രൂപയാണ്.

## 10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ ഒരു അർദ്ധവർഷം തൊഴിലാളി 45/- രൂപയും തൊഴിലുടമ 45/- രൂപയും എന്ന നിരക്കിൽ അംശദായം ഒടുക്കുന്നു.

## 11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ അടയ്ക്കേണ്ട അംശദായം ചുവടെ ചേർക്കുന്നു.

| വാഹന ഇനം | തൊഴിലാളി വിഹിതം |
|---|---|
| സ്റ്റേജ് കാരേജ് (ഹെവി) ബസ്,<br>സ്റ്റേജ് കാരേജ് (ലൈറ്റ് ആന്റ് മീഡിയം) ബസ്,<br>കോൺട്രാക്ട് കാരേജ് ആന്റ് ലക്ഷ്വറി ബസ് | 180<br>180<br>180 |
| ഗുഡ്സ് വെഹിക്കിൾ<br>1. ഹെവി ആന്റ് മീഡിയം<br>2. ലൈറ്റ് | <br>120<br>120 |
| ഒമിനി വാൻ, ക്വാളിസ്, ടെംബോ ട്രാവലർ, ടാക്സി ക്യാബ് തുടങ്ങിയവ | 60 |
| ഓട്ടോറിക്ഷ, ട്രാക്ടർ, ടില്ലർ | 60 |

## 12. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ

ചെയ്തിട്ടുള്ള അംഗങ്ങൾ തൊഴിലാളി വിഹിതമായി 50/- രൂപയും തൊഴിലുടമ വിഹിതമായി 50/- രൂപയും ഉൾപ്പെടെ ആകെ 100/- രൂപ പ്രതിമാസം അംശദായി നിധിയിലേയ്ക്ക് അടയ്ക്കുന്നു.

**13. <u>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ ബോർഡിൽ തൊഴിലാളി-തൊഴിലുടമ വിഹിതം 30/- രൂപ വീതവും സ്വയം തൊഴിലാളി വിഹിതം പ്രതിമാസം 60/- രൂപയും അംശദായം ഒടുക്കി വരുന്നു.

**14. <u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളിൽ നിന്നും പ്രതിമാസം 50/- രൂപ നിരക്കിലാണ് അംശദായം സ്വീകരിക്കുന്നത്.

**15. <u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിലേക്ക് തൊഴിലുടമ നൽകേണ്ട അംശദായം ഓരോ തൊഴിലാളിക്കും തൽസമയം നൽകേണ്ട വേതനത്തിന്റെ 10 ശതമാനം ആയിരിക്കേണ്ടതും തൊഴിലാളിയുടെ അംശദായം തന്നെ സംബന്ധിച്ച് തൊഴിലുടമ നൽകേണ്ട അംശദായത്തിന് തുല്യമായിരിക്കേണ്ടതും അതിനു പുറമേ തൊഴിലുടമ ഓരോ തൊഴിലാളിക്കും തൽസമയം നൽകേണ്ട വേതനത്തിന്റെ 5 ശതമാനത്തിന് തുല്യമായ തുക നിധിയിലേക്ക് ഗ്രാറ്റുവിറ്റിയായി അംശദായം ചെയ്യേണ്ടതുമാണ്.

**<u>16 . കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്</u>**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ തൊഴിലാളികളുടെ അംശദായം പ്രതിമാസം 100/- രൂപയാണ്.

## അനുബന്ധം 4

തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലെ ഉദ്യോഗസ്ഥരെയും വാർഷിക നടത്തിപ്പ് ചെലവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു .

**1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ലാത്തതിനാൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത്. നിലവിൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 11 ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്. ബോർഡിന്റെ വാർഷിക നടത്തിപ്പിനായി ഏകദേശം ഒരു കോടി മുപ്പത് ലക്ഷം രൂപ ചെലവ് വരുന്നുണ്ട്.

**2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നടത്തിപ്പിനായി 122 ഉദ്യാഗസ്ഥർ നിലവിൽ ജോലി ചെയ്തുവരുന്നു. ഇവരിൽ 18 പേർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വാർഷിക നടത്തിപ്പിനായി ഭരണ ചെലവിനത്തിൽ 5 കോടി മുതൽ 5.50 കോടി രൂപ വരെ ചെലവ് വരുന്നുണ്ട്.

**3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 10 പേർ നിലവിൽ ജോലി ചെയ്തുവരുന്നു. ഒരു തസ്തിക ഒഴിഞ്ഞു കിടക്കുന്നു. ഇതിൽ നിലവിൽ ജോലി ചെയ്യുന്നതിൽ രണ്ട് പേർ അന്യത്ര സേവന വ്യവസ്ഥയിൽ ഉള്ളവരാണ്. 2023-24 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 4678730.04/- രൂപയാണ് ഭരണച്ചെലവ്.

**4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമ ബോർഡിൽ അന്യത്രസേവന വ്യവസ്ഥയിൽ ആരു ജോലി ചെയ്യുന്നില്ല. 5 പേർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. വാർഷിക നടത്തിപ്പ് ചെലവ് 25,50,560/- രൂപയാണ് (2023-24)

**5. കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ ആകെ 358 പേർ ജോലി ചെയ്യുന്നു. ഇതിൽ 114 പേർ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ വാർഷിക നടത്തിപ്പ് ചെലവിനത്തിൽ ഏകദേശ തുക 5,28,53,60,831/- രൂപയാണ്.

**6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിലവിൽ 56 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 29 ഉദ്യോഗസ്ഥർ അന്യത്രസേവന വ്യവസ്ഥയിലാണ് ജോലി നോക്കുന്നത്. ബോർഡിന്റെ 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 2,59,63,064/- രൂപ നടത്തിപ്പ് ചെലവിനത്തിൽ ചെലവായിട്ടുണ്ട്.

**7. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

ഈ ബോർഡിന്റെ അഞ്ച് ഓഫീസുകളിലായി മൂന്ന് ഉദ്യോഗസ്ഥരാണുള്ളത്. ഇതിൽ രണ്ട് പേർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്. വാർഷിക നടത്തിപ്പ് ചെലവ് ശരാശരി 65 ലക്ഷം രൂപയാണ്.

**8. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിൽ നിലവിൽ 699 പേർ ജോലി ചെയ്തുവരുന്നു. ഇതിൽ 3 പേർ അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നു. 2023-24 സാമ്പത്തിക വർഷത്തെ ഭരണപരമായ ചെലവ് ആകെ 42.48 കോടി രൂപയാണ്.

**9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ആഭരണ തൊഴിലാളി ക്ഷേമ ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, 2 ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ്, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ല എക്സിക്യൂട്ടീവ് ഓഫീസുകളിലും ഓരോ ജില്ല എക്സിക്യൂട്ടീവ് ഓഫീസർ, 1 ക്ലാർക്ക്, 1 ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളാണ് നിലവിലുള്ളത്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജില്ല എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നീ തസ്തികകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ അധിക ചുമതല വഹിച്ചുവരുന്നു. ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ 1 ക്ലാർക്ക് അന്യത്രസേവന വ്യവസ്ഥയിലും 1 ഓഫീസ് അറ്റൻഡന്റ് ദിവസവേതനാടിസ്ഥാനത്തിലും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മേഖല ഓഫീസുകളിൽ ഓരോ ക്ലാർക്ക് ഓരോ ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിലും സേവനം അനുഷ്ഠിച്ചുവരുന്നു. ബോർഡിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഭരണപരമായ ചെലവ് ആകെ 24,67,308/- രൂപ.

**10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ നടത്തിപ്പിനായി നിലവിൽ ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ ഉൾപ്പെടെ 40 പേരുണ്ട് . ഇതിൽ ബോർഡിൽ നിന്നും ഒരാൾ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ബോർഡിന്റെ ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണറെ അന്യത്രസേവന വ്യവസ്ഥയിലാണ് സർക്കാർ നിയമിച്ചിട്ടുള്ളത്. ബോർഡിന്റെ ഭരണച്ചെലവുകൾക്കും ആനുകൂല്യം വിതരണത്തിനുമായി ഏകദേശം മൂന്നര കോടിയോളം രൂപ ചെലവ് വരുന്നുണ്ട്.

**11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 175 ഉദ്യോഗസ്ഥരാണ് ഉള്ളത്. ആയതിൽ അന്യത്രസേവന വ്യവസ്ഥയിൽ രണ്ട് പേർ ജോലി ചെയ്തുവരുന്നു. ബോർഡിലെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക നടത്തിപ്പ് ചെലവ് താഴെപ്പറയും പ്രകാരമാണ്.

ഭരണച്ചെലവ് - 19,58,59,089/- രൂപ

ആനുകൂല്യ വിതരണത്തിനുള്ള ചെലവ് - 78,66,26,559/- രൂപ

ആകെ - 98,24,85,648/- രൂപ

**12. കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 71 ജീവനക്കാർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിലും വിവിധ ജില്ല ഓഫീസിലും ജോലി ചെയ്തു വരുന്നു. ഇതിൽ 23 പേർ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. ബോർഡിന്റെ വാർഷിക വരുമാന ചെലവ് 4,78,41,000/- രൂപയാണ്.

**13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ ബോർഡിൽ സ്ഥിരം ജോലിക്കാരായ ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതാണ്. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ കാര്യാലയത്തിലെയും 11 ഉപകാര്യാലയത്തിലെയും ജീവനക്കാർ തന്നെയാണ് ടി കാര്യാലയത്തിലെ ജോലികൾ നിർവ്വഹിച്ചുവരുന്നത്. അന്യത്രസേവന വ്യവസ്ഥയിൽ ആരും ജോലി ചെയ്തുവരുന്നില്ല. 2023-24 വർഷം അഡ്മിനിസ്ട്രേഷൻ ചെലവുകൾക്കായി 18,39,787/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നടത്തിപ്പിനായി സർക്കാർ അംഗീകരിച്ച 89 തസ്തികകൾ ഉണ്ട്. അതിൽ അന്യത്രസേവന വ്യവസ്ഥയിൽ നിലവിൽ 28 ജീവനക്കാർ ജോലി ചെയ്തു വരുന്നു. 2023-24 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം ബോർഡിന്റെ വാർഷിക നടത്തിപ്പ് ചെലവ് (ഭരണച്ചെലവ്) 3,60,23,914/- രൂപയാണ്.

**15. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 277 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. അതിൽ 253 സ്ഥിരം ജീവനക്കാരും 10 ദിവസവേതനക്കാരും നിലവിൽ ജോലി ചെയ്യുന്നുണ്ട്. അന്യത്ര സേവന വ്യവസ്ഥയിൽ ഒരു ജീവനക്കാരൻ ജോലി ചെയ്യുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം ടി ബോർഡിൽ ജീവനക്കാരുടെ ശമ്പളയിനത്തിൽ 13,25,94,590/- രൂപ ഉൾപ്പെടെ ബോർഡിന്റെ ആകെ ഭരണ ചെലവ് 25,35,71,764/- രൂപയാണ്.

**<u>16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്</u>**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി 52 ഉദ്യോഗസ്ഥർ ജോലി നോക്കുന്നുണ്ട്. അതിൽ അന്യത്രസേവന വ്യവസ്ഥയിൽ 31 ഉദ്യോഗസ്ഥർ ജോലി നോക്കുന്നുണ്ട്. ഈ ബോർഡിന്റെ വാർഷിക നടത്തിപ്പ് ചെലവ് 3,21,58,948/- രൂപയാണ്.